**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 175** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>കോവിഡ് കാലത്തെ വിവിധ മെഡിക്കൽ ഉപകരണങ്ങളുടെ പർച്ചേസ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ടി. ബൽറാം

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

ശ്രീ. മുഹമ്മദ് ഷിയാസ്

ശ്രീ. ദീപക് ജോയ്

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കോവിഡ് മഹാമാരിയുടെ കാലയളവിൽ കെ.എം.എസ്.സി.എൽ. മുഖേന വാങ്ങിയ വിവിധ മെഡിക്കൽ ഉപകരണങ്ങളും മറ്റ് ആരോഗ്യപരിചരണ സാമഗ്രികളും സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിലും ആരോഗ്യ സ്ഥാപനങ്ങളിലും ആവശ്യാനുസരണം ഉപയോഗിക്കാതെ, പെട്ടികൾ പോലും തുറക്കാത്ത നിലയിൽ സൂക്ഷിച്ചിരിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** കൊല്ലം ജില്ലാ ആശുപത്രിയിൽ സിറിഞ്ചുകളും ഇൻഫ്യൂഷൻ പമ്പുകളും കൊല്ലം വിക്ടോറിയ ആശുപത്രിയിൽ ബൈപാസ് വെന്റിലേറ്ററും ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളേജിൽ കെ.എം.എസ്.സി.എൽ. മുഖേന വിതരണം ചെയ്ത പിഎസ്എ (പ്രഷർ സ്വിംഗ് ആഡ്സോപ്ഷൻ ഓക്സിജൻ ജനറേറ്റർ) പ്ലാന്റ് കമ്പനി ഇതുവരെ പ്രവർത്തനക്ഷമമാക്കി നൽകിയിട്ടില്ല.

കാസർഗോഡ് മെഡിക്കൽ കോളേജിൽ പിഎസ്എ ഓക്സിജൻ പ്ലാന്റ്, എൽഎംഒ ഓക്സിജൻ പ്ലാന്റ് എന്നിവ കമ്പനി പൂർണ്ണമായും പ്രവർത്തന യോഗ്യമാക്കിയിട്ടില്ല.

**(ബി)** എങ്കിൽ, കോവിഡ് കാലയളവിൽ ഇത്തരത്തിൽ വാങ്ങിയ മെഡിക്കൽ ഉപകരണങ്ങളുടെയും മറ്റ് ആരോഗ്യപരിചരണ സാമഗ്രികളുടെയും എണ്ണം, ഇനം, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാണോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** വിവരം ശേഖരിച്ച് നൽകുന്നതാണ്.

**(സി)** പ്രസ്തുത ഉപകരണങ്ങളും സാമഗ്രികളും ആവശ്യാനുസരണം ഉപയോഗിക്കപ്പെടാത്തതിന്റെ കാരണങ്ങൾ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; പരിശോധനയിൽ കണ്ടെത്തിയ പ്രധാന കാര്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

**<u>മറുപടി:</u>** കൊല്ലം ജില്ലാ ആശുപത്രിയിൽ സിറിഞ്ചുകളും ഇൻഫ്യൂഷൻ പമ്പുകളും കൊല്ലം വിക്ടോറിയ ആശുപത്രിയിൽ ബൈപാസ് വെന്റിലേറ്ററും ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മതിയായ ഉപകരണങ്ങൾ ലഭ്യമായിരുന്നതിനാലാണ് പ്രസ്തുത ഉപകരണങ്ങൾ ഉപയോഗിക്കാതെ സൂക്ഷിച്ചിരുന്നത്.

ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിലെ പിഎസ്എ (പ്രഷർ സ്വിംഗ് ആഡ്സോപ്ഷൻ ഓക്സിജൻ ജനറേറ്റർ) പ്ലാന്റ് 2 എണ്ണത്തിന്റെ പരിശോധന നടത്തിയതിൽ ആവശ്യമായ അളവിലും മർദത്തിലും ഓക്സിജൻ ഉത്പാദിപ്പിക്കാൻ പ്ലാന്റിന് കഴിയുന്നില്ല എന്നു കണ്ടെത്തുകയും ആയത് പ്രവർത്തന ക്ഷമമാക്കാൻ കെ.എം.എസ്.സി.എൽ അധികൃതരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

കാസർഗോഡ് മെഡിക്കൽ കോളേജിലെ പിഎസ്എ ഓക്സിജൻ പ്ലാന്റ്, എൽഎംഒ ഓക്സിജൻ പ്ലാന്റ് എന്നിവ പൂർണ്ണമായും പ്രവർത്തനം ആരംഭിക്കുന്നതിന് ടി കോളേജിലെ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കേണ്ടതും മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ നിർമ്മാണം പൂർത്തീകരിക്കേണ്ടതുമുണ്ട്.

കൂടാതെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ബയോ മെഡിക്കൽ എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നിഷ്ക്രീയമായി കിടക്കുന്ന ഉപകരണങ്ങളെ സംബന്ധിച്ച് പരിശോധന നടത്തിയതിൽ കെ.എം.എസ്.സി.എൽ വഴിയല്ലാതെ മറ്റ് വിവിധ പദ്ധതികളിലൂടെ വാങ്ങിയ ചില ഉപകരണങ്ങൾ ആദ്യ കാലയളവിൽ പ്രവത്തനമായിരുന്നെങ്കിലും പിന്നീട് നിഷ്ക്രിയമായി കിടക്കുന്നതായി കണ്ടെത്തിയിരുന്നു. ആയവയ്ക്ക് പ്രസ്തുത ഉപകരണം വിതരണം ചെയ്ത കമ്പനിയിൽ നിന്നും കൃത്യമായ അറ്റകുറ്റപ്പണികൾ ലഭ്യമാകാത്തതും , ഉപകരണങ്ങളുടെ കൃത്യമായ പരിപാലനങ്ങൾക്ക് ആയവയുടെ സ്പെയർ പാർട്സ് ലഭ്യമാകാത്തതും, സാങ്കേതിക തകരാറുകളുമാണ് ഉപകരണങ്ങൾ നിഷ്ക്രീയമായി കിടക്കുവാൻ പ്രധാന കാരണം.

**(ഡി)** പൊതുധനം ചെലവഴിച്ച് വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കാതെ കിടക്കുന്നതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കൊല്ലം ജില്ലാ ആശുപത്രിയിൽ മതിയായ ഉപകരണങ്ങൾ ലഭ്യമായിരുന്നതിനാലാണ് പ്രസ്തുത ഉപകരണങ്ങൾ ഉപയോഗിക്കാതിരുന്നത്. ആയതിനാൽ, ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

സർക്കാർ മെഡിക്കൽ കോളേജുകളിൽ ഉപകരണം വിതരണം ചെയ്ത കമ്പനിയിൽ നിന്നും കൃത്യമായ അറ്റകുറ്റപ്പണികൾ ലഭ്യമാകാത്തതും , ഉപകരണങ്ങളുടെ സ്പെയർ പാർട്സ് ലഭ്യമാകാത്തതും, സാങ്കേതിക തകരാറുകളുമാണ് പ്രധാനമായും ഉപകരണങ്ങൾ നിഷ്ക്രീയമായി കിടക്കുവാൻ കാരണം.

**(ഇ)** നിലവിൽ ഉപയോഗിക്കാതെ കിടക്കുന്ന മെഡിക്കൽ ഉപകരണങ്ങളും മറ്റ് ആരോഗ്യപരിചരണസാമഗ്രികളും അടിയന്തരമായി പ്രയോജനപ്പെടുത്തുന്നതിനും പൊതുധനത്തിന്റെ പാഴ്ച്ചെലവ് ഒഴിവാക്കുന്നതിനും സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കാനുദ്ദേശിക്കുന്നതുമായ നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** നിലവിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ഉപകരണങ്ങളുടെ idling Report തയ്യാറാക്കുകയും ജില്ലാതലത്തിൽ സമർപ്പിക്കുകയും, ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പ്രോഗ്രാം മാനേജർ, S.V.P., DLO ബയോമെഡിക്കൽ എൻജിനീയർ എന്നിവർ ഉൾപ്പെടുന്ന BEMP കമ്മിറ്റി പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച്, ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും, ഉപകരണങ്ങൾ ആവശ്യമുള്ള മറ്റ് സ്ഥാപനങ്ങളിലേയ്ക്ക് കൈമാറിവരികയും ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**